# വനിതാസംവരണം

ജ്യോതിനാരായണൻ

21-ാം നൂറ്റാണ്ടിലേയ്ക്ക് കുതിച്ചുചാടിയിട്ടും സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഇന്ത്യയിലെ ജനങ്ങളിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ പ്രാതിനിധ്യം ലോകസഭയിൽ ഉറപ്പാക്കുന്ന ബില്ല് ചർച്ച ചെയ്യാനും പാസ്സാക്കാനും കഴിഞ്ഞില്ല.

വനിതാസംവരണബില്ല് പാസ്സാക്കാത്തതിന്റെ പ്രത്യക്ഷവും പരോക്ഷവുമായ കാരണങ്ങൾ, വനിതാസംവരണത്തിന്റെ ആവശ്യം, ഈ ബില്ല് പാസ്സാകാത്ത സാഹചര്യത്തിൽ അധികാരരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയും തുടങ്ങിയ ഒരന്വേഷണമാണിവിടെ ഉദ്ദേശിക്കുന്നത്. വനിതാസംവരണബില്ലിനെ പ്രത്യക്ഷത്തിൽ എതിർത്തത് ആർ.ജെ.ഡി.യും, സമാജ്‌വാദി പാർട്ടി, ബി.എസ്.പി., സമതാപാർട്ടി, ഐക്യജനതാദൾ തുടങ്ങിയ ഈർക്കിലിപാർട്ടികളാണ്. ബില്ലിനെ അനുകൂലിക്കുന്നു എന്നു പറയുന്ന ബി.ജെ.പി.യും കോൺഗ്രസ്സും കൂടാതെ ഇടതുപക്ഷപാർട്ടികളും ചേർന്നാൽ ഈ ബില്ല് പാസ്സാക്കാവുന്നതേയുള്ളൂ. മഹാഭാരതത്തിൽ ശിഖണ്ഡിയെ മുന്നിൽ നിർത്തി അർജ്ജുനൻ ഭീഷ്മരെ വീഴ്ത്തിയെന്ന് പറയുന്നതുപോലെ ഇവരെ മുന്നിൽ നിർത്തി എല്ലാ പാർട്ടികളും തങ്ങളുടെ ലക്ഷ്യം നേടി.

ഈ ബില്ലിനെ ഇന്നത്തെ രീതിയിൽ പാസ്സാക്കുന്നതിനെ എതിർത്ത പാർട്ടികളുടെ ഭാഗത്തുനിന്ന് നോക്കുമ്പോൾ ഈ ബില്ല് അവർക്ക് വലിയ നഷ്ടമാണ് ഉണ്ടാക്കുക. പിന്നോക്കം തള്ളപ്പെടുന്ന ഈ വിഭാഗത്തിന് പ്രത്യേകം റിസർവ്വേഷൻ ഇല്ലെങ്കിൽ ജാതി-മത-വർഗ്ഗപരമായി ഉന്നതമെന്ന് വിശ്വസിക്കുന്നവർക്ക് മാത്രമേ അധികാരത്തിൽ വരാൻ കഴിയൂ. കഴിഞ്ഞ 13 പാർലിമെന്റുകളിലെ സ്ത്രീകളുടെ എണ്ണവും അതിൽതന്നെ ജയിച്ചുവന്നവരുടെ ജാതി, മതം, സാമ്പത്തികാവസ്ഥ, ഔപചാരികവിദ്യാഭ്യാസയോഗ്യത എന്നിവ പരിശോധിക്കുമ്പോൾ ഈ വസ്തുത വളരെ വ്യക്തമാകും. അതായത് ഈ ബില്ല് ഇങ്ങനെതന്നെ പാസ്സാക്കിയതിനുശേഷം ഒരു ഇലക്ഷൻ വന്നാൽ പിന്നോക്കവിഭാഗത്തിന്റേയും ന്യൂനപക്ഷത്തിന്റേയും എണ്ണം ഇനിയും കുറയും. എന്തുകൊണ്ട് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുമ്പോൾ അതിൽ തന്നെ പിന്നോക്കാവസ്ഥയുള്ള സ്ത്രീകളുടെ സംവരണം അംഗീകരിക്കാൻ കഴിയുന്നില്ല?

എന്തുകൊണ്ട് സ്ത്രീസംവരണം ആവശ്യമായിവരുന്നു?

നിലവിലുള്ള രാഷ്ട്രീയസാമൂഹ്യസാമ്പത്തികാവസ്ഥ സ്ത്രീകൾക്ക് അനുകൂലമല്ല. ഈ അവസ്ഥ മാറണമെങ്കിൽ അവർക്കുകൂടി പങ്കാളിത്തമുള്ള ഭരണസംവിധാനം ആവശ്യമാണ്. എന്നാൽ ഇന്നത്തെ സാമൂഹ്യപശ്ചാത്തലത്തിൽ സ്ത്രീകൾ പൊതുരംഗത്തേയ്ക്കും അധികാരത്തിലേയ്ക്കും വരാനുള്ള സാധ്യതയില്ല. ഒന്നാമതായി നമ്മുടെ സമൂഹം സ്ത്രീകളിൽ നിന്ന് അത്തരമൊരു ഭരണപങ്കാളിത്തം പ്രതീക്ഷിക്കുന്നില്ല. സ്ത്രീകൾക്ക് ഭരണപങ്കാളിത്തം വേണമെന്ന് പറയുന്നവർ പോലും ഇക്കാലത്ത് സ്ത്രീകൾക്കായി കല്പിച്ചുവച്ചിരിക്കുന്ന മനുഷ്യവിഭവത്തിന്റെ ഉല്പാദനത്തിനും അതിന്റെ നിലനില്പിനും ആവശ്യമായ കുടുംബത്തിന്റെ എല്ലാ ബാധ്യതകളും സ്ത്രീകളുടേത് മാത്രമാണെന്നാണ് വിശ്വസിക്കുന്നത്. ഈ കുടുംബത്തിന്റെ അടിസ്ഥാനം സ്വകാര്യസ്വത്തും പുരുഷകേന്ദ്രീകൃതമൂല്യങ്ങളും ആയിരിക്കുകയും അതു നിലനിർത്താനായി മതവും ജാതിയും സദാചാരവും വിദ്യാഭ്യാസവുമടക്കമുള്ള എല്ലാ സ്ഥാപനങ്ങളും ഉപയോഗിക്കുകയും ചെയ്യുന്ന ഒരവസ്ഥയിൽ സ്ത്രീകൾക്ക് ഒരിക്കലും അധികാരത്തിൽ സ്വാഭാവികമായും വരാൻ കഴിയില്ല. സ്ത്രീകൾ അധികാരത്തിലെത്തുകയും ഭരണസംവിധാനങ്ങളിൽ ബോധപൂർവ്വം ഇടപെടാതെയും ഈ അവസ്ഥ മാറുകയുമില്ല. രാഷ്ട്രീയത്തിൽ അവിവാഹിതരായ സ്ത്രീകളുടെ എണ്ണം, വിജയിച്ച് സഭയിലെത്തുന്ന സ്ത്രീകളുടെ പ്രായം ഇതെല്ലാം കുടുംബബാധ്യതയാണ് സ്ത്രീയെ പൊതുരംഗത്തുനിന്ന് മാറ്റിനിർത്തുന്ന പ്രധാന ഘടകം എന്ന് ബോദ്ധ്യപ്പെടുത്തുന്നു. ഇതുകൂടാതെ സാമ്പത്തികപ്രശ്നങ്ങൾ ഇന്നത്തെ രാഷ്ട്രീയപാർട്ടികളിലെ അക്രമസ്വഭാവം, സ്വഭാവഹത്യ തുടങ്ങിയ നിരവധി ഘടകങ്ങൾ സ്ത്രീകളുടെ ചിന്തയേയും പ്രവർത്തനത്തേയും നിയന്ത്രിക്കുകയും രാഷ്ട്രീയ അധികാരരംഗങ്ങളിൽ നിന്ന് മാറ്റിനിർത്തപ്പെടുകയും ചെയ്യുന്നു.

ഒരു വ്യക്തിയെന്ന നിലയിൽ സ്ത്രീയുടെ മാത്രമല്ല, ഇന്നു നിലവിലുള്ള അക്രമവികസനനയത്തെ തന്നെ ചോദ്യംചെയ്യാൻ സ്ത്രീകൾകൂടി അധികാരത്തിൽ എത്തപ്പെടേണ്ടിയിരിക്കുന്നു. സംവരണം വഴി അധികാരത്തിലെത്തുന്ന സ്ത്രീകൾ പൂർണ്ണമായും ഈ രാഷ്ട്രീയബോധം ഉൾക്കൊണ്ടവരായിരിക്കണമെന്നില്ല. പക്ഷേ നിർബ്ബന്ധപൂർവ്വം ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുമ്പോൾ സ്ത്രീകൾ രാഷ്ട്രീയത്തിൽ വരേണ്ടതാണെന്നും അതിനനുകൂലമായ സാമൂഹ്യവ്യവസ്ഥ ഉണ്ടാക്കാൻ നിർബ്ബന്ധിക്കപ്പെടുകയും ചെയ്യുന്നു.

1993ലെ 73-74 ഭരണഘടനാഭേദഗതിയനുസരിച്ച് പഞ്ചായത്ത് നഗരപാലികാബിൽ നിലവിൽ വരികയും അതിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മൂന്നിലൊന്ന് സ്ത്രീസംവരണം നടപ്പിലാക്കുകയും ചെയ്തു. (മൂന്നിൽ ഒന്ന് - രണ്ട് പുരുഷന് - ഒരു സ്ത്രീ). ഇതിന്റെ തുടർച്ചയായും C.S.W.I. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പല സ്ത്രീപ്രവർത്തകരുടെ പ്രവർത്തനഫലമായിട്ടൊക്കെയാണ് 1996ൽ 81-ാം ഭരണഘടനാഭേദഗതിയായിട്ട് ആദ്യം വനിതാബിൽ അവതരിപ്പിച്ചത്. 97 മേയിൽ ഈ ബില്ല് പരിഗണനയ്ക്ക് വന്നെങ്കിലും 11-ാം ലോകസഭ പിരിച്ചുവിട്ടതിനെത്തുടർന്ന് ബില്ല് പാസ്സാക്കാതെ പോയി. പിന്നീട് വന്ന എല്ലാ പാർലിമെന്റുകളിലും വനിതാസംവരണബില്ല് അവതരണനാടകം അരങ്ങേറുന്നു. അടുത്തതായി രാഷ്ട്രീയപാർട്ടികളിൽ 20-25 ശതമാനം സീറ്റ് സ്ത്രീകൾക്കായി മാറ്റിവയ്ക്കണമെന്നാണ് ഇലക്ഷൻ കമ്മീഷൻ ചിന്തിക്കുന്നത്. ഇതിന് ഇടതുപക്ഷ പാർട്ടികളടക്കം എല്ലാവരും എതിർത്തിട്ടുണ്ട്.

നമുക്കെന്ത് ചെയ്യാനാവും?

*(ശേഷം അടുത്ത ലക്കത്തിൽ)*